## പതിമൂന്നാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 304      27.09.2011 ൽ മറുപടിയ്ക്ക്**

### ഗാർഹിക വൈദ്യുതി കണക്ഷൻ

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി | | ശ്രീ. ആര്യാടൻ മുഹമ്മദ് (ഊർജ്ജ വകുപ്പ് മന്ത്രി) |
| എ. | ഗാർഹിക വൈദ്യുതി കണക്ഷൻ നൽകുന്നതിനുള്ള കാലതാമസം ഒഴിവാക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ; | (എ) | ബോർഡ് കാലാകാലങ്ങളിൽ നിശ്ചയിക്കുന്ന ടാർജറ്റ് പ്രകാരമാണ് വൈദ്യുതി കണക്ഷനുകൾ നൽകി വരുന്നത്.നിലവിലുള്ള ടാർജറ്റ് പ്രകാരം 31/03/2011 വരെ രജിസ്റ്റർ ചെയ്ത കണക്ഷനുകൾ നൽകി വരുന്നു. ടി ടാർജറ്റ് പ്രകാരം പോസ്റ്റ് ആവശ്യമുള്ള 8,385 കണക്ഷനുകൾ മാത്രമേ ഇനി നൽകാനുള്ളൂ. അവ നൽകുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇലക്ട്രിസിറ്റി സപ്ലൈ കോഡ് 2005 പ്രകാരം വൈദ്യുതി കണക്ഷൻ ലഭ്യമാക്കുന്നതിന് ആവശ്യമായ തുക ഉപഭോക്താക്കൾ നൽകേണ്ടതാണ്. കണക്ഷൻ നൽകുന്നതിന് ആവശ്യമായ തുക (OYEC) നൽകുന്ന ഉപഭോക്താക്കൾക്ക് കാലതാമസം കൂടാതെ ഉടനെ തന്നെ കണക്ഷനുകൾ നൽകി വരുന്നു. തദ്ദേശ സ്ഥാപനങ്ങളിൽ നിന്നും കെട്ടിട നംപർ ലഭിക്കുന്നതിനുള്ള കാലതാമസം മൂലം കണക്ഷൻ ലഭിക്കാനുള്ള ബുദ്ധിമുട്ട് കണക്കിലെടുത്ത് പൊസഷൻ സർട്ടിഫിക്കറ്റ്, റസിഡൻഷ്യൽ സർട്ടിഫിക്കറ്റ്, വോട്ടേഴ്സ് ഐഡന്റിറ്റി കാർഡ്, റേഷൻ കാർഡ്, എൻ.ആർ.ഇ.ജി.പി. കാർഡ് ഇവയിലേതെങ്കിലും ഒന്ന് ഹാജരാക്കുന്ന പക്ഷം വൈദ്യുതി കണക്ഷൻ ലഭ്യമാക്കുന്നതിനുള്ള നിർദ്ദേശവും ബോർഡിന് നല്കിയിട്ടുണ്ട്. |

| | | |
|---|---|---|
| ബി. | ഓരോ സെക്ഷനിലും ഈ വിഭാഗത്തിൽ എത്ര കണക്ഷൻ നൽകാനുണ്ടെന്ന് കണ്ടെത്തി സമയബന്ധിതമായി കണക്ഷൻ നൽകുന്നതിന് നടപടി സ്വീകരിക്കുമോ ; | (ബി.) നടപടി സ്വീകരിച്ച് വരുന്നു. |
| സി. | മലബാറിൽ ഇലക്ട്രിക് പോസ്റ്റുകളുടെ ക്ഷാമം പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ? | (സി.) ഉത്തരമേഖലയിൽ പോസ്റ്റുകൾ ലഭ്യമാക്കുന്നതിന് ബോർഡ് പുതുതായി 4 കരാറുകൾ നൽകിയിട്ടുണ്ട്. ഇത് കൂടാതെ അയൽ ജില്ലയിൽ നിന്നും പോസ്റ്റുകൾ മലപ്പുറം ജില്ലയിലേയ്ക്ക് ഡൈവേർട്ട് ചെയ്ത് നൽകുന്നുണ്ട്. കണ്ണൂർ ജില്ലയിലെ ശ്രീകണ്ഠപുരം സർക്കിളിലേയ്ക്ക് ബോർഡിന്റെ മങ്ങാട്ടുപറമ്പിലെ യാർഡിൽ നിന്നും പോസ്റ്റുകൾ സപ്ലൈ ചെയ്യുന്നതിനുള്ള ഓർഡർ നൽകിയിട്ടുണ്ട്. വയനാട് ജില്ലയിലെ മാനന്തവാടിയിലുള്ള ബോർഡിന്റെ യാർഡിൽ പോസ്റ്റുകൾ നിർമ്മിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ